**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5769** **08-07-2024 - ൽ മറുപടിയ്ക്ക്**

**മുൻഗണനാ റേഷൻ കാർഡ് അനുവദിക്കാനും മാവേലി സ്റ്റോറുകളിലെ നിത്യോപയോഗ സാധനങ്ങൾ ഉറപ്പാക്കാനും നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ആയിരം സ്ക്വയർഫീറ്റ് വിസ്തൃതിക്ക് മുകളിൽ വിസ്തൃതിയുള്ള വീടുള്ളതുമൂലം കിഡ്നി രോഗികളായ ധാരാളം പേർക്ക് മുൻഗണനാ റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള അർഹത നഷ്ടപ്പെട്ടുമെന്നതിനാൽ ആയിരം സ്ക്വയർഫീറ്റ് വിസ്തൃതിക്ക് മുകളിൽ വീടുള്ള കിഡ്നി രോഗികൾക്ക് മുൻഗണനാ റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | 18.09.2017 ലെ സ.ഉ(സാധാ)നം.320/ 2017/ ഭ.പൊ.വി.വ പ്രകാരമുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടു വരാത്ത, ഗുരുതര ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ അടങ്ങുന്ന കുടുംബങ്ങളുടെ കാർഡുകൾ പരിശോധിച്ച് മുൻഗണനയിലേക്ക് മാറ്റുന്നുണ്ട്. ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടു വരുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലും ഗുരുതര ശാരീരിക/ മാനസിക വെല്ലുവിളികൾ ഉണ്ടെങ്കിലോ അടിയന്തിര ശസ്ത്രക്രിയ ആവശ്യമെങ്കിലോ അപ്രകാരമുള്ള ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് അർഹതയുള്ള പക്ഷം, ചികിത്സാർത്ഥം ടി കുടുംബത്തിന്റെ റേഷൻ കാർഡ് മുൻഗണനയിലേക്ക് മാറ്റുന്നതിന് 27.10.2020 ലെ സ.ഉ(സാധാ)നം.319/2020/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>ചികിത്സാർത്ഥം റേഷൻകാർഡ് തരം മാറ്റുന്നതിനായുള്ള അപേക്ഷകൾ, മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള ചികിത്സാ രേഖകൾ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ പരിശോധിച്ച് യോഗ്യരായവരുടെ കാർഡുകൾ മുൻഗണനയിലേക്ക് മാറ്റുന്നതിന് അവസരമൊരുക്കിയിട്ടുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിൽ, പ്രത്യേകിച്ച് ഏറനാട് താലൂക്കിൽ റേഷൻ കടകളിൽ പുഴുക്കലരി ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മലപ്പുറം ജില്ലയിൽ, പ്രത്യേകിച്ച് ഏറനാട് താലൂക്കിലും മഞ്ചേരി നിയോജകമണ്ഡലത്തിന്റെ കീഴിലുള്ള | (സി) | മലപ്പുറം ജില്ലയിൽ നിലവിൽ ആവശ്യത്തിന് പുഴുക്കലരി ലഭ്യമാണ്. മാത്രമല്ല കോമ്പിനേഷൻ ബില്ലിംഗ് സംവിധാനം അനുവദിച്ചിട്ടുള്ളതിനാൽ |

| | | | |
|---|---|---|---|
| | റേഷൻ കടകളിലും ആവശ്യത്തിന് പുഴുക്കലരി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | | ഉണഭോക്താക്കൾക്ക് ആവശ്യമുള്ള അരി വാങ്ങുവാൻ സാധിക്കുന്നതാണ്. |
| (ഡി) | മഞ്ചേരി മണ്ഡലത്തിലെ മാവേലി സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ഡി) | സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന നിത്യോപയോഗ്യ സാധനങ്ങൾ എല്ലാ മാവേലി സ്റ്റോറിലും ആവശ്യകതയ്ക്കനുസരിച്ച് ലഭ്യമാക്കുന്നതിന് എല്ലാ മാസവും ഇ-ടെൻഡർ അടക്കമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ വിതരണക്കാർക്ക് നൽകാനുള്ള കുടിശ്ശിക അധികരിച്ചത് കാരണം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളും പൂർണ്ണതോതിൽ എല്ലാ വിൽപനശാലകളിലും എത്തിക്കുവാൻ സാധിച്ചിട്ടില്ല. |
| (ഇ) | മലപ്പുറം ജില്ലയിലെ എല്ലാ മാവേലി സ്റ്റോറുകളിലും സബ്സിഡി സാധനങ്ങൾ ലഭ്യമാണോ എന്ന് വ്യക്തമാക്കാമോ? | (ഇ) | പിരിവ് (ഡി)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ